## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 328** **11.06.2013-ൽ മറുപടിയ്ക്ക്**

## ആർ. എ. പി. ഡി. ആർ. പി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | 03-05-2012-ൽ ദർഘാസ് ക്ഷണിച്ചിട്ടുള്ളതും ആർ. എ. പി. ഡി. ആർ. പി പദ്ധതി പ്രകാരം അങ്കമാലി, കാലടി, കറുകുറ്റി തുടങ്ങിയ പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായുള്ള കൊച്ചി നഗര പദ്ധതിയുടെ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ; | (എ) | ആർ.എ.പി.ഡി.ആർ.പി, കൊച്ചി പദ്ധതിയുടെ പ്രവൃത്തികൾ ടേൺകീ വ്യവസ്ഥയിൽ ചെയ്യുന്നതിനുള്ള ദർഘാസുകളുടെ സൂക്ഷ്മ പരിശോധന നടന്നുവരികയാണ്. |
| (ബി) | ദർഘാസ് ക്ഷണിച്ച് ഒരു വർഷം ആകാറായിട്ടും ഈ പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദീകരിക്കാമോ ; | (ബി) | പ്രസ്തുത പദ്ധതി ഏകദേശം 208 കോടി രൂപയുടെ ബൃഹത് പദ്ധതിയായതിനാൽ കമ്പനികൾ ആവശ്യപ്പെട്ടപ്രകാരം ദർഘാസ് സമർപ്പിക്കുന്നതിന് കൂടുതൽ സമയം അനുവദിച്ചു. കൂടാതെ രണ്ടു തലത്തിലുള്ള സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയതിനു ശേഷമാണ് കരാറുകാരനെ തെരഞ്ഞെടുക്കുന്ന പ്രക്രിയ പൂർത്തിയാക്കുന്നത്. |
| (സി) | ഈ പ്രവൃത്തിയ്ക്കുള്ള ഭരണാനുമതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വെളിപ്പെടുത്താമോ ? | (സി) | പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 21.02.2014-ൽ ഈ പദ്ധതിയുടെ കാലാവധി പൂർത്തിയാകും. എന്നാൽ കേന്ദ്ര സർക്കാർ ആർ.എ.പി.ഡി.ആർ.പി പ്രവൃത്തികൾ പൂർത്തിയാക്കാൻ 25-11-2014 വരെ സമയം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.